സി. ബി. സി. ഐ. ഡി. എന്നീ വിഭാഗങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, പോലീസ് സ്റ്റേഷൻ, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, കോസ്റ്റൽ പോലീസ് എന്നിവയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ എന്നിവ പോലീസ് സേനയുടെ നവീകരണത്തിനുവേണ്ടി വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) 2002-03 വർഷങ്ങളിലെ പോലീസ് സേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ശുപാർശകൾ സമർപ്പിക്കുന്നതിനുമായി പോലീസ് പെർഫോർമൻസ് ആന്റ് അക്കൗണ്ടബിലിറ്റി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ജസ്റ്റിസ് കെ.ടി. തോമസ് (റിട്ടയേർഡ് സുപ്രീം കോടതി ജഡ്ജ്) ചെയർമാൻ. ശ്രീ. കെ. വി. രാജഗോപാലൻ നായർ, ഐ. പി. എസ്. (റിട്ടയേർഡ് ഡി. ജി. പി.)-അംഗം. ശ്രീ. ടി. എൻ. ജയചന്ദ്രൻ, ഐ. എ. എസ്. (മുൻ വൈസ് ചാൻസലർ, കോഴിക്കോട് സർവ്വകലാശാല, റിട്ട. അഡീഷണൽ ചീഫ് സെക്രട്ടറി) അംഗം.

(ഇ) 2002-03 വർഷങ്ങളിലെ പോലീസ് സേനയുടെ പ്രവർത്തനം വിലയിരുത്തുക, പോലീസ് സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കാലാകാലങ്ങളിൽ ശുപാർശകൾ സമർപ്പിക്കുക, കൂടാതെ പോലീസിന് പ്രവർത്തന സ്വാതന്ത്ര്യം നൽകിയതു മൂലമുണ്ടായ ഗുണദോഷങ്ങൾ വിലയിരുത്തുകയും പോലീസ് സേനയുടെ പ്രവർത്തനവും ചുമതലാബോധവും മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നിവയാണ് കമ്മീഷന്റെ പരിധിയിലുള്ളത്.

പോലീസ് സേനയുടെ നവീകരണം

*3 [25] ശ്രീ. തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനയുടെ പ്രവർത്തനം പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ, ബി, സി ആന്റ് ഡി) സംസ്ഥാനത്തെ പോലീസ് സേനയുടെ പ്രവർത്തനം പരിഷ്കരിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 2002-03 വർഷങ്ങളിലെ പോലീസ് സേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ഉപദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ജസ്റ്റിസ് കെ. ടി. തോമസ് (റിട്ടയേർഡ് സുപ്രീം കോടതി ജഡ്ജ്) ചെയർമാനായും, ശ്രീ. കെ.വി. രാജഗോപാലൻ നായർ, ഐ. പി. എസ്. (റിട്ടയേർഡ് ഡി. ജി. പി.), ശ്രീ. ടി. എൻ. ജയചന്ദ്രൻ, ഐ. എ. എസ്. (മുൻ വൈസ് ചാൻസലർ, കോഴിക്കോട് സർവ്വകലാശാല, റിട്ടയേർഡ് അഡീഷണൽ ചീഫ് സെക്രട്ടറി) എന്നിവർ അംഗങ്ങളായി പോലീസ് പെർഫോർമൻസ് ആന്റ് അക്കൗണ്ടബിലിറ്റി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. പോലീസ് സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കാലാകാലങ്ങളിൽ ശുപാർശകൾ സമർപ്പിക്കുക, കൂടാതെ പോലീസിന് പ്രവർത്തന സ്വാതന്ത്ര്യം നൽകിയതുമൂലമുണ്ടായ ഗുണദോഷങ്ങൾ വിലയിരുത്തുകയും പോലീസ് സേനയുടെ പ്രവർത്തനവും ചുമതലാബോധവും മെച്ചപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നിവയാണ് കമ്മീഷന്റെ പരിധിയിലുള്ളത്. കമ്മീഷന്റെ കാലാവധി ഒരു വർഷമാണ്.

ശ്രീ. എം. വി. ജയരാജൻ: ഇവിടെ വ്യക്തമാക്കിയ പോലീസ് നവീകരണ പദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ടത്, നാൽപ്പത്തി അയ്യായിരത്തോളം വരുന്ന പോലീസ് സേനയിലെ അംഗങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കലും അവരുടെ കൊള്ളരുതായ്മകൾ അവസാനിപ്പിക്കലുമാണ്. അതിൽ അങ്ങയുടെതന്നെ നിർദ്ദേശാനുസരണം, ഡി. ജി. പി. ഇത് സംബന്ധിച്ച് മാനദണ്ഡം അനുസരിച്ചുള്ള വ്യക്തമായ ഒരു പഠനം നടത്തി. നോൺ കേഡർ എസ്. പി. ഡിവൈ. എസ്. പി., സി. ഐ., എസ്. ഐ. എന്നിവർ അടങ്ങുന്ന 200 അംഗങ്ങളും മറ്റുള്ള എല്ലാപേരുമടങ്ങുന്ന 8662 പോലീസുകാരും. അങ്ങനെ പതിനായിരത്തോളം ആളുകൾ ഉൾക്കൊള്ളുന്ന ഒരു ബ്ലാക്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കൈക്കൂലി, അഴിമതി, അവിഹിത ബന്ധം, കേസ് കെട്ടിച്ചമയ്ക്കൽ, സ്വഭാവദൂഷ്യം, കുറ്റവാസന എന്നിവയായിരുന്നു ഈ ലിസ്റ്റ് തയ്യാറാക്കുന്നതിന് മാനദണ്ഡമായി പോലീസ് സേനയുടെ കേരളത്തിലെ മേധാവി എടുത്തത്. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ ബ്ലാക്ക് ലിസ്റ്റിൽപ്പെടുന്ന പോലീസുകാരുടെമേൽ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ; നവീകരണത്തിന്റെ ഭാഗമായി, കാര്യക്ഷമത വർദ്ധിപ്പിക്കലിന്റെ ഭാഗമായി ഇതുസംബന്ധിച്ച വല്ല നടപടിയും സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ആന്റണി: ബ്ലാക്ക് ലിസ്റ്റിനെക്കുറിച്ച് പ്രത്യേകം ചോദ്യം ചോദിച്ചാൽ മാത്രമേ മറുപടി പറയാൻ കഴിയുകയുള്ളൂ. പോലീസിലുള്ള കാര്യക്ഷമതയുള്ളവരെ പ്രോൽസാഹിപ്പിക്കുന്നതിനും അഴിമതി കാണിക്കുന്ന വർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കാനും മുൻഗണന കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: അങ്ങ് ഇവിടെ (ബി) ചോദ്യത്തിന് ഉത്തരമായി പറഞ്ഞ മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് കേന്ദ്ര പദ്ധതിയുടെ ഭാഗമാണ്. അത്തരത്തിലുള്ള ഒരു പദ്ധതിയായിരുന്നു ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് കേരളത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി, നിയമസഭാ സാമാജികൻമാരുടെ ഇടയിലും ജനങ്ങളുടെ ഇടയിലും ചർച്ച ചെയ്യാനായി അവതരിപ്പിച്ച കരടുരേഖ—കമ്മ്യൂണൽ പോലീസ് എന്ന സമ്പ്രദായം ഏർപ്പെടുത്തുക എന്നുള്ളത്. അതിനെപ്പറ്റി, യു. ഡി. എഫ്.-ന്റെ കൺവീനർ കൂടി ആയിരുന്ന, ഇപ്പോൾ ധനകാര്യ വകുപ്പ് കാത്തുസൂക്ഷിക്കുന്ന ബഹുമാനപ്പെട്ട കെ. ശങ്കരനാരായണൻ അന്ന് ജനകീയ പോലീസിനെതിരെ പോലീസുകാർ പ്രതികരിക്കണമെന്ന് പറഞ്ഞു. പോലീസുകാരനോടുതന്നെ യുദ്ധത്തിനിറങ്ങാൻ വേണ്ടിയുള്ള തീരുമാനം. കമ്മ്യൂണൽ പോലീസ് എന്ന് പറയുന്ന, ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കാലത്ത് രൂപപ്പെടുത്തിയ ആശയമല്ലേ താങ്കൾ ഇപ്പോൾ നവീകരണത്തിന്റെ ഭാഗമായി മുന്നോട്ട് വച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ആന്റണി: പോലീസിന്റെ രാഷ്ട്രീയവൽക്കരണത്തെ മാത്രമാണ് പ്രതിപക്ഷത്തിരുന്നപ്പോൾ യു. ഡി. എഫ്. എതിർത്തത്. പോലീസിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കണം, ജനങ്ങളുമായി കൂടുതൽ സമ്പർക്കമുണ്ടാക്കണം എന്നുള്ളത് ദേശീയതലത്തിൽത്തന്നെ ഇന്ന് പൊതുവേ അംഗീകരിച്ചിരിക്കുന്ന ഒരു നയമാണ്. പോലീസ് റിഫോംസ് കമ്മീഷനുകളും അതുപോലെ ദേശീയ തലത്തിൽ ഇതുസംബന്ധിച്ച് നിയോഗിച്ച പല കമ്മീഷനുകളും നിർദ്ദേശിച്ചിട്ടുള്ള അഭിപ്രായപ്രകടനമാണിത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ പരീക്ഷിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. തിരുവനന്തപുരം സിറ്റിയിൽ പരീക്ഷണം വിജയകരമായി കാണുന്നുണ്ട്. ഇവിടത്തെ പ്രധാനപ്പെട്ട റെസിഡൻഷ്യൽ അസോസിയേഷനുകളെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് ഈ നടപടി വ്യാപിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ഈ പരീക്ഷണത്തിന്റെ വിജയത്തെ ആശ്രയിച്ച് കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ശ്രമിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താത്തതോ, കമ്മീഷൻ ഇല്ലാത്തതുകൊണ്ടോ, റിപ്പോർട്ട് ഇല്ലാത്തതുകൊണ്ടോ അല്ല. ഈ അടുത്തകാലത്ത് ഡി. ജി. പി.-യുടെ പ്രത്യേക നിർദ്ദേശപ്രകാരം പോലീസിന്റെതന്നെ രഹസ്യാന്വേഷണവിഭാഗം ഒരു സർവേ നടത്തിയതിനുശേഷമുള്ള റിപ്പോർട്ട് മാതൃഭൂമി ദിനപ്പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിൽ പറഞ്ഞിരിക്കുന്നത്, കൊല്ലം ജില്ലയിൽ കൈക്കൂലി വാങ്ങാത്ത പോലീസ് ഉദ്യോഗസ്ഥൻമാർ 6 പേർ മാത്രമാണെന്നാണ്. ഒരു സർക്കിൾ ഇൻസ്പെക്ടറുടെ പ്രതിമാസ വരുമാനം ഒന്നര ലക്ഷം രൂപയാണെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ള പോലീസ് നയത്തിന്റെ ഭാഗമായി പോലീസുകാരുടെ കൈക്കൂലി റേറ്റ് വർദ്ധിച്ചു എന്നുള്ളതല്ലേ ഈ പുതിയ റിപ്പോർട്ട് പുറത്തുവന്നതിനുശേഷം വ്യക്തമായിരിക്കുന്നത്. ഇത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ചൂണ്ടിക്കാണിച്ച റിപ്പോർട്ട് ഞാൻ കണ്ടിട്ടില്ല. മുഖ്യമന്ത്രിയുടെ സ്ഥാനത്തിരുന്നുകൊണ്ട് എനിക്ക് പത്രവാർത്തകൾക്ക് മറുപടി പറയാൻ കഴിയില്ല. പ്രത്യേക ചോദ്യം ചോദിക്കുകയാണെങ്കിൽ അതിന് ഞാൻ മറുപടി പറയാം. ഏതായാലും പോലീസ് സേന രൂപീകരിച്ചത് യു. ഡി. എഫ്. അധികാരത്തിൽ വന്നതിനുശേഷമാണെന്ന് അങ്ങ് കരുതില്ല. പോലീസിലും ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിലും അഴിമതിക്കാരുണ്ട്, സത്യസന്ധന്മാരുണ്ട്, കാര്യക്ഷമതയുള്ളവരുമുണ്ട്, അലസന്മാരുണ്ട്, മര്യാദക്കാരുമുണ്ട്. അത് എങ്ങനെ പരിഹരിക്കും? അത് നമുക്ക് എല്ലാപേർക്കുംകൂടി ആലോചിച്ച് ഒരു തീരുമാനം എടുക്കേണ്ട കാര്യമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പോലീസിൽ നിന്ന് നമ്മുടെ നാട് പ്രതീക്ഷിക്കുന്നത് മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണമാണ്. അങ്ങനെ സ്വത്തിന് സംരക്ഷണം കൊടുക്കേണ്ട ഘട്ടത്തിൽ സംരക്ഷണം കൊടുക്കണം. കള്ളൻമാരുണ്ടാകുന്ന സമയത്ത് പിടികൂടേണ്ടതാണ്. അങ്ങനെ കള്ളൻമാരെ പിടികൂടുന്ന പോലീസിന്പോലും ഇപ്പോൾ രക്ഷയില്ലാത്ത അവസ്ഥ വന്നിരിക്കുകയാണ്. രണ്ട് പോലീസുകാരെ കള്ളൻമാർ തന്നെ കൊന്നു. ഒന്ന്, ലോനപ്പൻ എന്ന് പേരായ ഒരു പോലീസുകാരനെ മട്ടാഞ്ചേരിയിൽ ഒരു കള്ളൻ കുത്തിക്കൊന്നു. ശൗരി എന്നു പേരായ മറ്റൊരു പോലീസുകാരനെയും വേറൊരു കള്ളൻ കുത്തിക്കൊന്നു. കുത്തിക്കൊന്ന കള്ളന്റെ പേര് ഞാൻ പത്രത്തിൽ വായിച്ചു. ചക്കക്കുരു ഷാഹിർ. ഒരു ചക്കക്കുരുവിനെ പോലും പിടിക്കാൻ കഴിയാത്ത പോലീസാണോ നിങ്ങളുടെ ഈ ആന്റണിയുടെ പോലീസ്? ഇങ്ങനെ പോലീസുകാരെ പരിഹാസ്യമാക്കുന്ന അവസ്ഥ വരുമ്പോൾ പോലീസിനെ കാര്യക്ഷമമാക്കാൻ, കുറ്റവാളികളെയെങ്കിലും പിടിക്കാൻ അവരെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടിയെങ്കിലും അങ്ങേക്ക് സ്വീകരിച്ചുകൂടേ?

മി. സ്പീക്കർ: അത് ഒന്ന് നവീകരിക്കുമോ?

ശ്രീ. എ. കെ. ആന്റണി: ചക്കക്കുരുവിന് പകരം നമുക്ക് വേറെ പേരെന്തെങ്കിലും കൊടുക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് കോടിയേരി പറഞ്ഞതിനോട് ഞാൻ പൂർണ്ണമായിട്ട് യോജിക്കുകയാണ്. ഗവൺമെന്റിന്റെ നിലപാട് അത് തന്നെയാണ്. ജനങ്ങളുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകുക, അവരുടെ അന്തസ്സിനും മാന്യതയ്ക്കും സംരക്ഷണം നൽകുക, അതാണ് പോലീസിന്റെ ഏറ്റവും പ്രധാനമായ ലക്ഷ്യം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജനങ്ങളുടെ സ്വത്തിനും ജീവനും കൂടുതൽ സുരക്ഷിതത്വബോധമുണ്ട് എന്നതിന്റെ ഏറ്റവും വലിയ തെളിവ് കണ്ണൂർ ജില്ലയിലെ രാഷ്ട്രീയ നേതാക്കൻമാർക്കുള്ള പോലീസ് പ്രൊട്ടക്ഷൻ മിക്കവാറും എടുത്തുകളഞ്ഞിരിക്കുന്നു എന്നുള്ളത് തന്നെയാണ്. അങ്ങ് അതിനെ അംഗീകരിക്കുമെന്നാണ് ഞാൻ വിചാരിച്ചത്. അങ്ങ് പോലും മറ്റുള്ളവരെപ്പോലെ ഇതിനെ എതിർക്കുന്നത്.....

ഞാൻ ഈ അടുത്ത ദിവസം കണ്ണൂർ ജില്ലയിൽ പോയി. എന്റെ കൂടെ മന്ത്രി സുധാകരൻ ഉൾപ്പെടെയുള്ളവർ ഉണ്ടായിരുന്നു. ഇതുപോലെ ശാന്തമായ ഒരു കാലഘട്ടം കണ്ണൂർ ജില്ലയുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. അടിയന്തിരാവസ്ഥ കാലത്ത് പോലും കണ്ണൂർ ജില്ല ഇത്ര ശാന്തമായിരുന്നില്ല. .....(ബഹളം).....എന്റെ കൂടെ യോഗത്തിൽ ശ്രീ. സുധാകരൻ മാത്രമല്ല, ശ്രീ. മോഹനും ബി. ജെ. പി. യുടെ നേതാക്കൻമാരുമുണ്ടായിരുന്നു. തലശ്ശേരിയിൽ അങ്ങയുടെ കോൺസ്റ്റിറ്റ്യുവൻസിയിൽപ്പോലും ഇത്രയും ശാന്തമായ ഒരു കാലഘട്ടം കേരള ചരിത്രത്തിൽ ഉണ്ടായിട്ടില്ലയെന്ന് അവർ പറഞ്ഞു. മാത്രമല്ല എന്തായിരുന്നു അവിടുത്തെ പ്രതികരണം? ശ്രീ. മോഹനോട് ചോദിച്ചാൽ അറിയാം. ഇതുപോലൊരു കാലഘട്ടം ഉണ്ടായിട്ടില്ല എന്നാണ് പറഞ്ഞത്. അങ്ങേക്കറിയാമല്ലോ.....(ബഹളം)....

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഈ പറഞ്ഞതിന് നേരെ വിപരീതമാണ് നമ്മുടെ നയപ്രഖ്യാപന പ്രസംഗത്തിൽ.....

മി. സ്പീക്കർ: ശ്രീ. ദേവകുമാർ, നവീകരണത്തെക്കുറിച്ചാണ്.

ശ്രീ. ടി. കെ. ദേവകുമാർ: നവീകരണമാണ് പറയുന്നത്. സമീപകാല ചരിത്രത്തിലൊന്നും തന്നെ സംസ്ഥാനത്തെ ക്രമസമാധാനനില മെച്ചമായിരുന്നില്ല. എന്റെ ഭേദഗതി അക്കാര്യത്തിൽ പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്, ഇപ്പോൾ പറഞ്ഞ മറുപടിയുടെ അടിസ്ഥാനത്തിൽ. നന്ദി പ്രമേയത്തിൽ അങ്ങ് പറഞ്ഞിരുന്നതാണ്. പത്രവാർത്തയ്ക്ക് മറുപടി പറയില്ല. പക്ഷേ നന്ദി പ്രമേയ പ്രസംഗത്തിൽ പറഞ്ഞിരുന്നതാണ് ഞാൻ ഇപ്പോൾ പറഞ്ഞത്.

മി. സ്പീക്കർ: Come to the question. ഞാൻ അടുത്ത ആളിനെ വിളിക്കും.

ശ്രീ. ടി. കെ. ദേവകുമാർ: പോലീസ് സേനയുടെ നവീകരണത്തെ സംബന്ധിച്ച ചോദ്യം ചോദിക്കാനാണ് ഇവിടെ നിർബന്ധിക്കുന്നത്. ഞാൻ അതിലേക്ക് വരികയാണ്. നന്ദി പ്രമേയത്തിൽ പറഞ്ഞതിന് വിപരീതമായി സഭയിൽ ഇപ്പോൾ കാര്യങ്ങൾ നന്നായി എന്ന് മുഖ്യമന്ത്രി പറഞ്ഞപ്പോൾ ഇത് ഭേദഗതി ചെയ്യണമെന്ന് ഓർമ്മപ്പെടുത്തിയതാണ്. ജനകീയ പോലീസ് പദ്ധതി ഇവിടെ കൊണ്ടുവന്നപ്പോൾ സഭയിൽ ഒന്നു രണ്ട് മന്ത്രിമാർ നടത്തിയ പരാമർശം അങ്ങയുടെ ശ്രദ്ധയിൽ ഒന്ന് കൊണ്ടുവരാൻ വേണ്ടി പറയുകയാണ്. അങ്ങയുടെ സഹപ്രവർത്തകരായ അവർ ഇപ്പോൾ മന്ത്രിസഭയിലുണ്ടല്ലോ? ഇത് അക്രമികൾക്ക് സംരക്ഷണം നൽകാനാണെന്നാണ് ഇന്നത്തെ സഹകരണ വകുപ്പുമന്ത്രിയുടെ അന്നത്തെ അഭിപ്രായം. അതുപോലെതന്നെ സദുദ്ദേശപരമല്ല, ഇത് കുഴപ്പം പിടിച്ചതാണ്, ഇത് ഒരു കാരണവശാലും അനുവദിക്കില്ല എന്നാണ് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയുടെ അന്നത്തെ അഭിപ്രായം.....

Mr. Speaker: No.....No..... You put the question.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ജനകീയ പോലീസ് പദ്ധതിയിൽ അന്നത്തേതിൽനിന്ന് മാറ്റം വരുത്തി ഇപ്പോൾ സർക്കാർ സ്വീകരിക്കാൻ തയ്യാറായത് എന്നതാണ് എന്റെ ചോദ്യം?

ശ്രീ. എ. കെ. ആന്റണി: കമ്മ്യൂണിറ്റി പോലീസ് എന്നുള്ള ആശയം ഇന്ത്യ ഒട്ടാകെ പരീക്ഷിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കേരളത്തിലെ ഗവൺമെന്റും കമ്മ്യൂണിറ്റി പോലീസ് എന്നുള്ള ആശയം ഒരു പരീക്ഷണമെന്നുള്ള നിലയിൽ ആദ്യം നടപ്പാക്കാൻ ശ്രമിക്കുകയാണ്. അല്ലാതെ ഒറ്റയടിക്ക് കേരളം മുഴുവൻ നടപ്പാക്കുകയല്ല. അതിന്റെ ഭാഗമായി തിരുവനന്തപുരത്ത് നടത്തുന്ന പരീക്ഷണം സാമാന്യം വിജയമായിട്ടാണ് തോന്നുന്നത്. റസിഡൻസ് അസോസിയേഷനുകളെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ടുള്ള പരീക്ഷണം വിജയമാണ്. പോലീസിനെ കൂടുതൽ ട്രാൻസ്പേരെന്റ് ആക്കാനും ജനങ്ങളുമായി ബന്ധപ്പെടുത്താനും നടത്തുന്ന ശ്രമങ്ങളെ അങ്ങ് അനുകൂലിക്കുന്നുവെങ്കിൽ അങ്ങ് അതിനെ പ്രോത്സാഹിപ്പിക്കുകയല്ലേ വേണ്ടത്; അങ്ങ് അതിനെ കുറ്റപ്പെടുത്തേണ്ട കാര്യമുണ്ടോ? എന്തായാലും ഈ പരീക്ഷണം വിജയിച്ചാൽ മറ്റ് പ്രദേശങ്ങളിലേക്ക് കൂടി അത് വ്യാപിപ്പിക്കും.

ശ്രീ. ടി. കെ. ദേവകുമാർ: പ്രതിപക്ഷനേതാവ് മുഖ്യമന്ത്രി ആയപ്പോഴുണ്ടായ മാറ്റം സ്വാഗതാർഹം. പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി പല പുതിയ കാര്യങ്ങളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഗ്രനേഡ്, ആണി തറച്ച ലാത്തി, വെള്ളം ചീറ്റുന്ന യന്ത്രം, മുള്ളുവേലി എന്നിവയൊക്കെ ഇപ്പോൾ പോലീസ് നവീകരണത്തിന്റെ ഭാഗമായി സമരക്കാരുടെ മേൽ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. പത്ര ദൃശ്യ മാധ്യമ പ്രവർത്തകരുടെ മേൽ ആണിവച്ച ലാത്തികൊണ്ട് കൈകാര്യം ചെയ്തത് ഈ സഭയിൽ നമ്മുടെ ശ്രദ്ധയിൽ വന്നതാണ്. .....(ബഹളം).....

പല സൈസ് പുതിയ നവീകരണ പ്രകിയകളും നടന്നുകൊണ്ടിരിക്കുകയാണ്. പക്ഷേ കഴിഞ്ഞ ദിവസം അങ്ങയുടെ തന്നെ ഒരു പത്ര പ്രസ്താവന വന്നു. അങ്ങ് പ്രതിപക്ഷനേതാവായിരുന്നപ്പോൾ നടത്തിയ ഒരു പ്രസംഗത്തിലും ഞാനത് കണ്ടതുമില്ല. കേരളത്തിൽ പട്ടണ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഗുണ്ടാസംഘങ്ങൾ വളരുന്നു. ഈ ആധുനീകരിച്ച, നവീകരിച്ച ആയുധങ്ങൾ വിദ്യാർത്ഥികളുടെയും പത്ര മാധ്യമ പ്രവർത്തകരുടെയും മേൽ ഉപയോഗിച്ചപ്പോൾ നമ്മുടെ ജില്ലയിൽ, അങ്ങും ഞാനും വരുന്ന ജില്ലയിൽ ഇരവുകാട് പ്രദേശത്ത് സമൻസും കൊണ്ടുചെന്ന പോലീസുകാരനെ ഗുണ്ടാസംഘം പിടിച്ചു കെട്ടിയിട്ട് തല്ലി മൂത്രം കുടിപ്പിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ട് കാണും. ഈ നവീകരണ പ്രക്രിയയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ ഈ യന്ത്രം അവകാശ സമരത്തിൽ ഏർപ്പെടുന്ന ആളുകളുടെ മേൽ ഉപയോഗിക്കുന്നതോടൊപ്പം ഗുണ്ടാസംഘത്തിന്റെ മേൽ ഉപയോഗിക്കാൻ ശ്രമിച്ചിട്ടുണ്ടോ; അവരെ അമർച്ച ചെയ്യാൻ ഈ നവീകരണ യന്ത്രങ്ങൾ ഉപയോഗിച്ചതിന്റെ എന്തെങ്കിലും ഒരു മറുപടി അങ്ങേക്ക് വിശദീകരിക്കാൻ കഴിയുമോ?

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു കാര്യം അങ്ങേക്ക് തന്നെ അപകടമായിട്ട് വരും. ഈ ഗ്രനേഡുകൾ അപകടമാണെങ്കിൽ ഇപ്പോൾ ഉപയോഗിക്കുന്ന ഗ്രനേഡുകളെല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ആദ്യമായിട്ട് ഓർഡർ ചെയ്തത്. ഈ ഗ്രനേഡുകളാണ് ഇവിടെ അടുത്തകാലത്ത് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലൊക്കെ പരീക്ഷിച്ചത്. അതാണ് ഇവിടെ പരീക്ഷിച്ചിട്ടുള്ളത്.....(ബഹളം).....

Mr. Speaker: Yes.....Yes..... No.....No..... Order.....Order.

ശ്രീ. എ. കെ. ആന്റണി: ഗുണ്ടാസംഘങ്ങൾ അടുത്തകാലത്തായി നാട്ടിൽ വർദ്ധിക്കുന്നുവെന്നുള്ളത് സത്യമാണ്. ഇവിടുത്തെ മണിചെയിൻ ഏർപ്പാടുകാർ, ഹയർ പർച്ചേസുകാർ, ബ്ലെയ്ഡ് കമ്പനിക്കാർ എന്നിവരെല്ലാം ഗുണ്ടാസംഘങ്ങളെ ഉപയോഗിക്കുന്നുണ്ട്. ആ ഒരു സത്യം മറച്ചുവയ്ക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അതിനെതിരായി നടപടി വേണമെങ്കിൽ നിലവിലുള്ള നിയമം അപര്യാപ്തമാണെന്നാണ് പോലീസിന്റെ അഭിപ്രായം. Prevention of Anti Social Elements Act എന്ന ഒരു ആക്ട് കൊണ്ടുവരുന്നതിനെക്കുറിച്ച് ഗവൺമെന്റ് വളരെ ഗൗരവമായിട്ട് ആലോചിക്കുകയാണ്. കാരണം ഗുണ്ടകളെ ആണെങ്കിലും അറസ്റ്റ് ചെയ്താൽ പെട്ടെന്ന് തന്നെ ജാമ്യത്തിൽ പോകുന്ന സാഹചര്യമാണ്. ഇതര സംസ്ഥാനങ്ങളിൽ കുറേക്കൂടി ശക്തമായ നിയമങ്ങളുണ്ട്. ഗുണ്ടകൾക്കെതിരായിട്ട്, ആന്റി-സോഷ്യലിസ്റ്റുകൾക്കെതിരായിട്ട് അങ്ങനെ ശക്തമായ നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായിട്ട് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൂടി ഗവൺമെന്റ് പരിഗണിക്കും.

ശ്രീ. പി. ജയരാജൻ: പോലീസ് സേനയെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് വേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജോലി സമയം ക്രമീകരിക്കുകയും ജോലി ഭാരം കുറയ്ക്കുകയും ചെയ്തിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ മറുപടി നൽകിയിട്ടുള്ളത്. എന്നാൽ അനുഭവം നേരെ മറിച്ചാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പോലീസ് സേനയുടെ ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്തുകയും ക്രമസമാധാന പരിപാലന പ്രശ്നങ്ങൾ ഒഴികെയുള്ള സമയങ്ങളിൽ 8 മണിക്കൂർ ജോലി സമയം നിജപ്പെടുത്തിക്കൊണ്ട് പരീക്ഷണാടിസ്ഥാനത്തിൽ ചില പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കുകയും ചെയ്തിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അത് നിർത്തലാക്കിക്കൊണ്ട് ആ ജോലി സമയം വർദ്ധിപ്പിക്കുക എന്നുള്ള സമീപനമാണ് കൈക്കൊണ്ടത്. ഇത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

മി. സ്പീക്കർ: മെയിൻ ചോദ്യവുമായിട്ട് .....

ശ്രീ. പി. ജയരാജൻ: ജോലി സമയത്തെ സംബന്ധിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി: മുൻ ഗവൺമെന്റിന്റെ കാലത്ത് പോലീസുകാരുടെ ജോലി സമയം 8 മണിക്കൂറായി പരിക്ഷണാടിസ്ഥാനത്തിൽ ഏതാനും സ്റ്റേഷനുകളിലാണ് നടപ്പാക്കാൻ ശ്രമിച്ചത്. ഈ ഗവൺമെന്റ് അതിനേക്കാൾ കൂടുതൽ മേഖലകളിൽ ജോലി ഭാരം കുറയ്ക്കുന്നതിന് പറ്റിയ ഒരു പരീക്ഷണമാണ് ഇപ്പോൾ നടപ്പാക്കുന്നത്. ആ പരീക്ഷണത്തിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ തീർച്ചയായിട്ടും ഗവൺമെന്റ് അത് പരിഹരിക്കാൻ ശ്രമിക്കും.

ശ്രീ. പി. ജയരാജൻ: പോലീസ് യഥാർഹം അന്വേഷണം നടത്തി ചാർജ് ചെയ്യുന്ന കേസുകൾ ഗവൺമെന്റ് പിൻവലിക്കുന്നത് പോലീസ് സേനയുടെ മനോവീര്യത്തെ തകർക്കാൻ ഇടയാക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വർഗ്ഗീയ സംഘർഷങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള ചില കേസുകൾ പിൻവലിച്ചു. നേരത്തെ മലപ്പുറം ജില്ലയിൽ 9 കേസുകൾ പിൻവലിച്ചതായി അങ്ങ് തന്നെ ഈ സഭയുടെ മുൻപാകെ സമ്മതിച്ചിട്ടുള്ളതാണ്. മാറാട് പ്രശ്നത്തിന്റെ ഒരു ഒത്തുതീർപ്പ് ചർച്ചയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കേസുകൾ പിൻവലിക്കുമെന്നുള്ളത് വ്യവസ്ഥയിൽ തന്നെ പെടുത്തിയിട്ടുള്ളതാണ്. അങ്ങനെ വർഗ്ഗീയമായിട്ടുള്ള സംഘർഷത്തിന്റെ പേരിൽ പോലീസ് അന്വേഷണം നടത്തി ചാർജ് ചെയ്തിട്ടുള്ള കേസ് പിൻവലിക്കുന്നത് പോലീസ്.....(ബഹളം).....

മി. സ്പീക്കർ: ഇത് മെയിൻ ചോദ്യവുമായി ബന്ധമില്ല. മെയിൻ ചോദ്യവുമായി ബന്ധമുള്ള ചോദ്യം ചോദിച്ചാൽ മതി. Please resume your seat.

ശ്രീ. തോമസ് ചാഴികാടൻ: ഇപ്പോൾ ട്രാഫിക് കണ്ടമാനം വർദ്ധിച്ചു വരുന്ന ഒരു സാഹചര്യമാണ് നമ്മുടെ നാട്ടിലുള്ളത്. ട്രാഫിക് പോലീസിന്റെ പ്രവർത്തനങ്ങൾ, ഇപ്പോൾ പ്രധാനപ്പെട്ട ട്രാഫിക് യൂണിറ്റുകൾ പ്രധാനപ്പെട്ട ടൗണുകളിൽ മാത്രമേയുള്ളൂ. ടൗണുകളിലുള്ള ട്രാഫിക് യൂണിറ്റുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അവ ചെറിയ പട്ടണങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പക്ഷേ ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതി കൊണ്ടാണ് എല്ലാ സ്ഥലത്തും ട്രാഫിക് യൂണിറ്റുകൾ സ്ഥാപിക്കാത്തത്. പടിപടിയായി അക്കാര്യം ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്.

ശ്രീ. തോമസ് ചാഴികാടൻ: കേരളത്തിലെ 52 പോലീസ് സ്റ്റേഷനുകൾ മാതൃകാ പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ മാതൃകാ പോലീസ് സ്റ്റേഷനുകളിലെ എന്തെല്ലാം പ്രത്യേകതകളാണ് മറ്റ് പോലീസ് സ്റ്റേഷനുകളുമായി താരതമ്യപ്പെടുത്തുമ്പോൾ നടപ്പിലാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി: മാതൃകാ പോലീസ് സ്റ്റേഷനുകൾ പരീക്ഷണമായി തുടങ്ങി വരുന്നതേയുള്ളു. അതിന്റെ പ്രവർത്തനം വരുമ്പോൾ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കും.

ശ്രീ. കെ. നാരായണക്കുറുപ്പ്: സംഘടിതവും അസംഘടിതവുമായിട്ട് അക്രമങ്ങൾ ഈ രാജ്യത്ത് ധാരാളം നടക്കുന്നുണ്ട്. അങ്ങനെ അക്രമങ്ങളിൽ പങ്കെടുക്കുന്ന ആളുകളെ റൗഡി ലിസ്റ്റിൽപ്പെടുത്തി അവരുടെ മേൽ നടപടിയെടുക്കാൻ വൈമനസ്യം കാണിക്കുന്നത് ശരിയല്ല. തീർച്ചയായും ഈ രാജ്യത്ത് അക്രമം ഒഴിവാക്കണമെങ്കിൽ അക്രമികളാണെന്ന് ബോധ്യമുള്ളവരുടെ പിന്നാലെയുള്ള ചരിത്രങ്ങൾ പരിശോധിച്ച് അവരുടെ നീക്കങ്ങൾ നമ്മൾ ഓരോ മണിക്കൂറുകളും നോക്കിയെങ്കിൽ മാത്രമേ നിർത്താൻ കഴിയുകയുള്ളു. ആ രീതിയിൽ സംഘടിതമായിട്ടുള്ള നീക്കം അക്രമികൾക്കെതിരെ ചെയ്യുവാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകുമോ?

മി. സ്പീക്കർ: അത് നവീകരിക്കണമെന്ന് കൂടി എങ്കിലും പറയണ്ടേ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അപ്രകാരം പോലീസ് നയം നവീകരിക്കുമോ?

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട വാഴൂർ മെമ്പർ പറഞ്ഞതുപോലെ നവീകരിക്കുകയും കർശന നടപടി സ്വീകരിക്കുകയും ചെയ്യും.....(ബഹളം).....

ശ്രീ. കെ. നാരായണക്കുറുപ്പ്: ഈ നിയമസഭയിൽ പലരും മര്യാദയായിട്ട് പെരുമാറണം എന്ന് പറയേണ്ട ആവശ്യമുണ്ട്.

മി. സ്പീക്കർ: ലൈവ് ടെലികാസ്റ്റ് നടക്കുകയാണ്. നമ്മൾ സംസാരിക്കുന്നത് വളരെ സൂക്ഷിച്ച് വേണം.....(ബഹളം).....

ശ്രീ. കെ. നാരായണക്കുറുപ്പ്: അതിന് കുഴപ്പമൊന്നുമില്ല. ഞാൻ പറയാനുള്ളത് എപ്പോഴും ഉറക്കെ പറയുന്ന ആളാണ്. തന്റേടത്തോടുകൂടി പറയുകയും ചെയ്യും

മി. സ്പീക്കർ: അതുകൊണ്ടാണ് എനിക്ക് ഭയം. You put the question.

ശ്രീ. കെ. നാരായണക്കുറുപ്പ്: പോലീസിന് വേണ്ടത്ര സ്വാതന്ത്ര്യം കൊടുക്കുന്നില്ല എന്നൊരു പരാതി എനിക്കുണ്ട്. പോലീസിന്റെ കൈകൾ എപ്പോഴും ഏത് ഗവൺമെന്റ് വന്നാലും, അത് ഒരുപക്ഷേ പിടിച്ച് പിടിച്ച് നിർത്തിക്കൊണ്ട് ചിലപ്പോൾ അഴിച്ചുവിടുകയും ചിലപ്പോൾ വിടുകയും ചെയ്യുന്ന ഏർപ്പാട് വിട്ട് സ്വതന്ത്രമായി ഇംഗ്ലണ്ടിലെ പോലീസിനെ പോലെ ആര് കുറ്റം ചെയ്താലും അവരുടെ മേൽ നടപടിയെടുക്കാനുള്ള ഊർജ്ജസ്വലമായ മനോഭാവം നമ്മുടെ പോലീസിനില്ല. അത് ഉണ്ടാക്കിക്കൊടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുമോ?

(ഉത്തരം പറഞ്ഞില്ല)

(ചോദ്യോത്തരസമയം കഴിഞ്ഞു)